അടുത്ത അദ്ധ്യയന വർഷത്തെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സിൽ ഗവൺമെന്റ് സ്വാശ്രയ സ്ഥാപന പ്രവേശനത്തിനുള്ള ഫീസ് നിരക്കുകൾ

84(773) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സിൽ ഗവൺമെന്റ് സ്വാശ്രയ സ്ഥാപന പ്രവേശനത്തിനുള്ള ഫീസ് നിരക്കുകൾ, നിബന്ധനകൾ എന്നിവ പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ അദ്ധ്യയനവർഷം ഈ കോളേജുകളിൽ വിവിധ വിഭാഗങ്ങൾക്ക് നിശ്ചയിച്ചിരുന്ന ഫീസ് നിരക്കുകൾ എത്ര വീതമായിരുന്നു ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് ഫീസ് നിരക്കിലോ പ്രവേശന നടപടി ക്രമങ്ങളിലോ പുതുതായി എന്തെങ്കിലും മാറ്റങ്ങളോ കരാറുകളോ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എൻജിനീയറിംഗ് പ്രവേശനത്തിന് ഈ വർഷം മുതൽ പ്രവേശന പരീക്ഷയുടെ മാർക്കിനോടൊപ്പം പ്ലസ്ടുവിന് ലഭിച്ച മാർക്കിന് തുല്യപരിഗണന നൽകുന്നതാണ്. ഫീസ് നിരക്കിൽ മാറ്റങ്ങളോ കരാറുകളോ ഉണ്ടാക്കിയിട്ടില്ല.

എഞ്ചിനീയറിംഗ് കോളേജുകളിൽ യോഗ്യരായ അദ്ധ്യാപകരുടെ കുറവ് നികത്താൻ നടപടി

85(774) ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ യോഗ്യരായ അദ്ധ്യാപകർ വേണ്ടത്ര ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം പരിശോധിക്കുന്നതിന് മുതിർന്ന എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എഞ്ചിനീയറിംഗ് കോളേജുകളിൽ അഫിലിയേഷന് ആവശ്യമായ യോഗ്യരായ അദ്ധ്യാപകർ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഇ) ഇക്കാര്യത്തിൽ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലും എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരം യോഗ്യരായ അദ്ധ്യാപകർ തന്നെയാണുള്ളത്. സ്വകാര്യ സാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരം യോഗ്യരായ അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ യോഗ്യരായ അദ്ധ്യാപകർ വേണ്ടത്ര ഇല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഇല്ല. എന്നാൽ W.A No.2014/10-ലെ ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിന് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ സീനിയർ അദ്ധ്യാപകർ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അഫിലിയേഷൻ നൽകുന്നത് ബന്ധപ്പെട്ട സർവ്വകലാശാലകളാണ്. മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യരായ അദ്ധ്യാപകർ ഉണ്ടെന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് കോളേജുകൾക്ക് സർവ്വകലാശാലകൾ അനുമതി നൽകേണ്ടത്.

(ഇ) 18-1-2011-ലെ W.A No. 2014/2010 എന്ന ജഡ്ജ്മെന്റിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ സീനിയർ ഫാക്കൽറ്റി മെമ്പേഴ്സിനെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ഇൻസ്പെക്ഷൻ നടത്തണമെന്നും അവിടെയുള്ള ഭൗതിക സാഹചര്യങ്ങൾ/അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിവരങ്ങൾ എന്നിവ പരിശോധിച്ച് കുറവുള്ളവ ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി അഫിലിയേഷൻ പിൻവലിക്കുകയോ അഥവാ പരിഷ്കരിക്കുയോ ചെയ്യുകയും അതോടൊപ്പം വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ ബദൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും കോടതി ഉത്തരവിടുകയുണ്ടായി. പ്രസ്തുത കമ്മിറ്റി രൂപീകരിച്ച് 1-ാം ഘട്ട ഇൻസ്പെക്ഷൻ 3 മാസത്തിനകം പൂർത്തിയാക്കേണ്ടതുണ്ടെന്നും ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ജഡ്ജ്മെന്റ് ഗവൺമെന്റിൽ ലഭിച്ചത് 8-2-2011-ലാണ് ആയത് സർക്കാർ സജീവമായി പരിശോധിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly